(എ) മൂന്നാംപദ്ധതിക്കാലത്തു് കേന്ദ്രഗവണ്മെൻറു് നേരിട്ടു് ഈ സംസ്ഥാനത്തു് സ്ഥാപിക്കുവാൻ ഉദ്ദേശിച്ചിരുന്ന വ്യവസായസ്ഥാപനങ്ങൾ ഏതെല്ലാമാണു്;

(ബി) ഇതിൽ ഏതെല്ലാം ആരംഭിച്ചു കഴിഞ്ഞിട്ടുണ്ടു്;

(സി) മറ്റുള്ളവ എന്നത്തേയ്ക്കു് ആരംഭിക്കും;

(ഡി) അടുത്ത സാമ്പത്തികവർഷത്തിൽ ഏതെങ്കിലും വ്യവസായം ആരംഭിക്കുവാനുള്ള സാദ്ധ്യതകളുണ്ടോ?

വ്യവസായവകുപ്പുമന്ത്രി (ശ്രീ. കെ. എ. ദാമോദരമേനോൻ): (എ) രണ്ടാം കപ്പൽനിർമ്മാണകേന്ദ്രം, സൂക്ഷ്മോപകരണനിർമ്മാണശാല, ഫൈറോ കെമിക്കൽസ്പ്ലാൻറു്, മെഷീൻ ടൂംഫാക്ടറി, നാലാം എണ്ണശുദ്ധീകരണശാല, കൊരട്ടിയിലെ ഇന്ത്യാഗവണ്മെൻറുപ്രസ്സു് എന്നിവയാണു് മൂന്നാം പദ്ധതിക്കാലത്തു് കേന്ദ്രഗവണ്മെൻറു നേരിട്ടു ഈ സംസ്ഥാനത്തു സ്ഥാപിക്കാൻ ഉദ്ദേശിച്ചിരുന്ന വ്യവസായസ്ഥാപനങ്ങൾ.

(ബി) ഒന്നും പ്രവർത്തനരൂപത്തിൽ എത്തിക്കഴിഞ്ഞിട്ടില്ല. മുൻ പറഞ്ഞ വ്യവസായസ്ഥാപനങ്ങളുടെ പ്രവർത്തനത്തിനു് വേണ്ടിയുള്ള പ്രാരംഭ നടപടികളും നടന്നുകൊണ്ടിരിക്കുകയാണു്.

(സി) മെഷീൻ ടൂംഫാക്ടറി ഈ ആണ്ടവസാനത്തിലും എണ്ണശുദ്ധീകരണശാല 1965 അവസാനത്തോടുകൂടിയും പ്രവർത്തനം ആരംഭിക്കുമെന്നു് പ്രതീക്ഷിക്കുന്നു. മറ്റുള്ളവ എന്നത്തേക്കു ആരംഭിക്കുമെന്നതിനെപ്പറ്റി സംസ്ഥാനഗവണ്മെൻറിനു അറിവില്ല.

(ഡി) മെഷീൻടൂം ഫാക്ടറി അടുത്ത സാമ്പത്തികവർഷത്തിൽ പ്രവൃത്തിപഥത്തിലെത്തുമെന്നു പ്രതീക്ഷിക്കുന്നു.

ശ്രീ. പി. കെ. കുഞ്ഞച്ചൻ: മൂന്നാംപദ്ധതി ആരംഭിച്ചതിനുശേഷം ഇൻഡ്യാഗവണ്മെൻറിന്റെ വകയായിട്ടു എത്രകോടി രൂപാ ചെലവു ചെയ്തിട്ടുള്ള വ്യാവസായികപ്രവർത്തനം നടത്തുന്നു എന്നു പറയാൻ ദയവുണ്ടാകുമോ?

ശ്രീ. കെ. എ. ദാമോദരമേനോൻ: ഈ പറഞ്ഞ വ്യവസായങ്ങളിൽ എത്ര കോടി രൂപാ ഈ മൂന്നാംപദ്ധതിക്കാലത്തു ചെലവുചെയ്തു എന്നുള്ളതു ഇപ്പോൾ പറയുക സാദ്ധ്യമല്ല.

ശ്രീ. സി. അച്യുതമേനോൻ: രണ്ടാംകപ്പൽനിർമ്മാണകേന്ദ്രത്തെ സംബന്ധിച്ചു ജാപ്പനീസ് കമ്പനിയുമായി ആലോചനകൾ നടത്തി അതു മിക്കവാറും തീരുമാനിക്കപ്പെട്ടുകഴിഞ്ഞു എന്നു മുമ്പു ഒരു വർത്തമാനം കണ്ടു. എന്നാൽ ഇപ്പോൾ അതു വീണ്ടും ചില കൂടിയാലോചനകൾകൂടി നടത്തേണ്ടിയിരിക്കുന്നു. അതിലേക്കു ജപ്പാനിൽവച്ചു കൂടിയാലോചന നടത്താൻ തീരുമാനിച്ചിരിക്കുന്നു എന്നും അറിയുന്നു. അതുസംബന്ധിച്ചു ഒരു അവസാനതീരുമാനത്തിൽ എത്തിക്കഴിഞ്ഞോ. ഇനിയും അതിനെത്രകാലം പിടിക്കും.

ശ്രീ. കെ. എ. ദാമോദരമേനോൻ: ലേറ്റസ്റ്റായിട്ടുള്ള വിവരം പേപ്പറിൽ കണ്ടതേ പറയാൻ നിവൃത്തിയുള്ളു. ജപ്പാനിലെ മിറ്റ്സുബിഷിക്കമ്പനി പ്രതിനിധികളുമായി അടുത്തുതന്നെ കൂടിയാലോചനയ്ക്കു പോകുന്നുണ്ടെന്നു കണ്ടു.

സ്വന്തമായി ആഫീസുകെട്ടിടങ്ങളുള്ള പഞ്ചായത്തുകൾ

* 577. [19] ശ്രീ. കെ. നാരായണക്കുറുപ്പു്: താഴെ കാണുന്ന പോദ്യങ്ങൾക്കു് വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റേറ്റിൽ എത്ര പഞ്ചായത്തുകൾക്കു് സ്വന്തമായി ആഫീസുകൾ ഉണ്ടു്;

(ബി) വാടകക്കെട്ടിടത്തിൽ ആഫീസുകൾ ഇട്ടിരിക്കുന്ന പഞ്ചായത്തുകൾക്കു് സ്വന്തമായി ആഫീസുകൾ പണിയുന്നതിനു് ഗവണ്മെൻറിൽനിന്നും ഗ്രാൻറുകൾ കൊടുക്കുന്നതിനെപ്പറ്റി ആലോചിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

വ്യവസായവകുപ്പുമന്ത്രി (ശ്രീ. കെ. എ. ദാമോദരമേനോൻ):

(എ) സ്റ്റേറ്റിൽ ആകെ 256 പഞ്ചായത്തുകൾക്കു സ്വന്തമായി ആഫീസു കെട്ടിടങ്ങളുണ്ടു്.

(ബി) പഞ്ചായത്തുകൾക്കു് ആഫീസു് കെട്ടിടങ്ങൾ പണിയുന്നതിനു ഗ്രാന്റു കൊടുക്കുന്നതിനുള്ള ഒരു പദ്ധതി ഇപ്പോഴത്തെ നിലവിലുണ്ടു്.

ശ്രീ. കെ. നാരായണക്കുറുപ്പു്: അടുത്ത സാമ്പത്തികവർഷത്തിൽ എത്ര പഞ്ചായത്തുകൾക്കു് സ്വന്തമായ ആഫീസു് കെട്ടിടങ്ങൾ പണിയുന്നതിനു് ഗ്രാന്റു കൊടുക്കാൻ ഉദ്ദേശിക്കുന്നു എന്നു പറയാമോ?

ശ്രീ കെ. എ. ദാമോദരമേനോൻ: അതേപ്പറ്റി ബന്ധിതമായി ഇപ്പോഴം പറയാൻ നിവൃത്തിയില്ല.

ശ്രീ. കെ. മൊയ്തീൻകുട്ടിഹാജി: ഈ പഞ്ചായത്തുകൾക്കു കെട്ടിടം കെട്ടുന്നതിനു ലോണും ഗ്രാന്റും കൊടുക്കുന്ന സമ്പ്രദായമുണ്ടോ; ഉണ്ടെങ്കിൽ അതു സംബന്ധിച്ചു വ്യക്തമായ ഒരു നിയമം ഇന്നു നിലവിലുണ്ടോ?

ശ്രീ. കെ. എ. ദാമോദരമേനോൻ: വ്യക്തമായ നിയമം നിലവിലില്ല. അതു സംബന്ധിച്ചു പൂർണ്ണമായ വിവരം നൽകാൻ ഉള്ള വിവരം ഇപ്പോഴം എന്റെ കയ്യിലില്ല.

ശ്രീ. ഇ. പി. ഗോപാലൻ: പുതിയതായി രൂപീകരിക്കപ്പെട്ട പഞ്ചായത്തുകൾക്കു് സ്വന്തമായി ആഫീസുകെട്ടിടമുണ്ടാക്കുന്നതിനു സ്വന്തമായി വരവില്ലാ എന്നുള്ളതിനെ പരിഗണിച്ചു് പുതിയതായി നിലവിൽവന്ന പഞ്ചായത്തുകൾക്കു് ആഫീസുകെട്ടിടം പണിയുന്നതിനു ഗ്രാന്റായിട്ടും ലോണായിട്ടും കൊടുക്കാൻ ഇപ്പോഴം വകയിരുത്തീട്ടുള്ളതു് വളരെ നിസ്സാരമായിട്ടുള്ള സംഖ്യയാണു്. മലബാർ ഭാഗത്തു് അതു കിട്ടീട്ടുണ്ടോ എന്നും സംശയിക്കുന്നു. അപ്പോഴം ഈ പുതിയ പഞ്ചായത്തുകൾക്കെങ്കിലും ഈ ഗ്രാന്റു കൊടുക്കാൻ ഉള്ള പദ്ധതി രൂപീകരിക്കാൻ നടപടിയെടുക്കുമോ?

ശ്രീ. കെ. എ. ദാമോദരമേനോൻ: ഇപ്പോഴം നാം ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അനുസരിച്ചുമാത്രമേ സഹായം ചെയ്യാൻ സാധിക്കയുള്ളൂ.

ഇൻഡസ്ട്രിയൽ ട്രെയിനിംഗ് സെന്ററുകളും മോഡൽ വെൽഫെയർ സെന്ററുകളും

*578. [20] ശ്രീ. പി. കെ. കുഞ്ഞച്ചൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഹരിജനക്ഷേമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിജൻ വെൽഫെയർ ഡിപ്പാർട്ടുമെന്റിന്റെ കീഴിൽ ഇപ്പോഴം എത്ര ഇൻഡസ്ട്രിയൽ ട്രെയിനിംഗ് സെന്ററുകളും, എത്ര മോഡൽവെൽഫെയർ സെന്ററുകളും നിലവിലുണ്ടു്;

(ബി) 1960-61, 1961-62, 1962-63 എന്നീ സാമ്പത്തികവർഷത്തിലും 1963-64-ൽ ജനുവരി അവസാനംവരെയും ഓരോ വർഷവും ആരംഭിച്ചിട്ടുള്ള ഇൻഡസ്ട്രിയൽ ട്രെയിനിംഗ് സെന്ററുകൾ എത്ര; മോഡൽ വെൽഫെയർ സെന്ററുകൾ എത്ര;

(സി) ഈ ഇൻഡസ്ട്രിയൽ ട്രെയിനിംഗ് സെന്ററുകളെയും, മോഡൽ വെൽഫെയർ സെന്ററുകളെയും, പ്രൊഡക്ഷൻ-കം-ട്രെയിനിംഗ് സെന്ററുകളായി മാറ്റാനും അതോടൊപ്പം അവിടെ പുതിയ ട്രെയിഡുകൾകൂടി ഏർപ്പെടുത്തി അതിൽ പരിശീലനം നൽകാനും ആവശ്യമായ നടപടികൾ എടുക്കുമോ?

ഹരിജനക്ഷേമവകുപ്പുമന്ത്രി (ശ്രീ. കെ. കുഞ്ഞമ്പു):

(എ) ഹരിജൻ വെൽഫെയർ ഡിപ്പാർട്ടുമെന്റിന്റെ കീഴിൽ ഇപ്പോഴം 15 ഇൻഡസ്ട്രിയൽ ട്രെയിനിംഗ് സെന്ററുകളും, 55 മോഡൽ വെൽഫെയർ ട്രെയിനിംഗ് സെന്ററുകളും പ്രവർത്തിക്കുന്നുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly